
# ACADEMIC MASTER PLAN 2025-26

SAN THOME H S
KANAMALA

# School Profile




| | |
|---|---|
| റവന്യൂ ജില്ല | : കോട്ടയം |
| സ്കൂൾ കോഡ് | : 32025 |
| സ്കൂളിന്റെ പേര് | : സാൻതോം ഹൈസ്കൂൾ കണമല |
| മേൽവിലാസം | : കണമല പി. ഒ, മുക്കൂട്ടുതറ via |
| പിൻകോഡ് | : 686 510 |
| ഫോൺ നമ്പർ | : 9446714350 |
| E-mail ID | : kply32025@yahoo.co.in |
| ഗ്രാമപ്പഞ്ചായത്ത് | : എരുമേലി |
| വിദ്യാഭ്യാസജില്ല | : കാഞ്ഞിരപ്പള്ളി |
| ഉപജില്ല | : കാഞ്ഞിരപ്പള്ളി |
| മാനേജ്മെന്റ് | : സെന്റ് തോമസ് ചർച്ച് കണമല |
| പഠനമാധ്യമം | : ഇംഗ്ലീഷ്, മലയാളം |

**Headmaster** : **Mr. Leego John**

**SRG 2025-26**

**Convener** : Mrs. Tisha Joseph

**Subject Council Convenors**

| | |
|---|---|
| Malayalam | : Mrs. Jasmin Varghese |
| English | : Mrs. Sony Thomas |
| Hindi | : Mrs. Ancy Joseph |
| SS | : Mrs.Reshma R |
| Physics | : Mrs. Deepa Sebastian |
| Chemistry | : Mrs. Renchitha Christopher |
| Biology | : Mrs. Jolly Antony |
| Maths | : Sr.Renju P Sebastian |
| IT | : Mr. Jim Jo Joseph |
| Sports | : Mr. Jebin Joseph |
| Art | : Mr. Arun Chandran |

**Club Conveners**

Malayalam - Mrs. Jasmin Varghese

English - Mrs. Sony Thomas

Hindi - Mrs. Ancy Joseph

Science - Mrs. Deepa Sebastian

Maths - Mrs. Sandhya Mani

Social Science- Mrs. Tisha Joseph

IT - Mr. Jim Jo Joseph

Vidyarangam - Mrs. Jasmin Varghese

Little Kites - Mr. Jim Jo Joseph & Mrs. Divya K John

JRC – Mrs. Jolly Antony

SPC - Mr. Jebin Joseph & Mrs. Sandhya Mani

## ആമുഖം

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസജില്ലയിൽ എരുമേലി പഞ്ചായത്ത് പരിധിയിൽ എരുമേലിയിൽ നിന്നും 15 കിലോമീറ്റർ അകലെ പമ്പ, അഴുത നദികളുടെ സംഗമസ്ഥാനത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് കണമല സാൻതോം ഹൈസ്കൂൾ. കോരുത്തോട്, കുഴിമാവ്, കണമല, മൂക്കൻപെട്ടി, കാളകെട്ടി ,എഴുകുമണ്ണ്, എയ്ഞ്ചൽവാലി, ആറാട്ടുകയം മൂലക്കയം കിസിമം തുലാപ്പള്ളി , നെല്ലിമല, വട്ടപ്പാറ, എരുത്തുവാപ്പുഴ, പാണപിലാവ്, മുട്ടപ്പള്ളി, തുമരംപാറ, എലിവാലിക്കര, മുക്കുട്ടുതറ, കൊല്ലമുള, ചാത്തൻതറ, നിരവ്, അട്ടത്തോട് തുടങ്ങി 15 കിലോമീറ്റർ ചുറ്റളവിൽ നിന്ന് ഇവിടെ പഠിച്ച് വരുന്ന വിദ്യാർഥികളിൽ 30 ശതമാനത്തോളം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളാണ്. കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള ഈ പ്രദേശത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളാണ് കൂടുതൽ ഉള്ളത്. വന്യജീവികളുടെ ആക്രമണം, നാട്ടിൽ തൊഴിലവസരങ്ങൾ ഇല്ലാതെ പോകുന്നത് ഒക്കെ കാരണം ഇപ്പോഴത്തെ ഒരു തലമുറ വിദേശരാജ്യങ്ങളിലേക്ക് ചേക്കേറുമ്പോൾ സ്കൂളിലേക്ക് പഠിക്കാൻ എത്തുന്ന കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നു. ഓരോ വർഷവും കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു എന്നത് സങ്കടകരമായ കാര്യമാണ്.

തുടർച്ചയായ വർഷങ്ങളിൽ SSLC പരീക്ഷയിൽ 100% വിജയം, ഓരോ വർഷവും 15 ലധികം Full A+ വിജയികൾ, സബ്ജില്ല- ജില്ല കല- ശാസ്ത്ര കായികമേളകളിൽ മികച്ച പ്രകടനങ്ങൾ, ഇൻസ്പെയർ അവാർഡ്, ഫുട്ബോൾ - ക്രിക്കറ്റ് ഗെയിമുകളിൽ സംസ്ഥാനതലത്തിൽ പ്രാതിനിധ്യം തുടങ്ങി നേട്ടങ്ങൾ അനവധിയുണ്ടായിട്ടുണ്ട്.

പക്ഷേ, കുടുബബന്ധങ്ങളിലെ ശൈഥില്യം, രക്ഷിതാക്കൾക്ക് കുട്ടികളുടെ കാര്യത്തിൽ ശക്തമായി ഇടപെടാനാകാതെ പോകുന്നത്, മൊബൈൽ ഫോൺ ഉപയോഗം തുടങ്ങിയവയൊക്ക ഈ സ്കൂളിലെ കുട്ടികളുടെ പഠനത്തെയും സ്വഭാവത്തെയും ദോഷകരമായി ബാധിക്കുന്നുണ്ട്.

കുട്ടികളെ ചേർത്തുനിർത്താനും, രക്ഷിതാക്കളെക്കൂടി കുട്ടിയുടെ പഠനപഠനേതരപ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും,ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനും കൂടുതൽ പരിശ്രമിക്കേണ്ടതുണ്ട്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷിവികസനം<br>• ഗണിതശാസ്ത്രവികസനം<br>• ഇംഗ്ലീഷ് പഠനപരിപോഷണം<br>• ലൈബ്രറിശാക്തീകരണം<br>• പച്ചക്കറിത്തോട്ടം<br>• ജൈവവൈവിധ്യപാർക്ക്<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാരപരിപാടി<br>• ശാസ്ത്രാഭിരുചിവളർത്തൽ<br>• ടേംമൂല്യ നിർണ്ണയം<br>• നിരന്തരവിലയിരുത്തൽ<br>• ദിനാചരണങ്ങൾ<br>• കായിക പരിശീലനം<br>• പിടിഎ ശാക്തീകരണം<br>• എസ് ആർ ജിശാക്തീകരണം<br>• വായനാപരിപോഷണം | • കളിസ്ഥലം<br>• ക്ലാസ് മുറികൾ<br>• അടുക്കള<br>• അസംബ്ലിഹാൾ<br>• ടോയ്‌ലറ്റ്<br>• സയൻസ് ലബോറട്ടറി<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം<br>• ഐ. ടി ലാബ്<br>• അടുക്കള പച്ചക്കറിത്തോട്ടം<br>• ഓഷധസസ്യത്തോട്ടം | • പിടിഎ ശാക്തീകരണം<br>• എസ് എംസി കാര്യക്ഷമമാക്കൽ<br>• വിദ്യാലയവികസനസമിതി<br>• പ്രാദേശിക ഭവനസന്ദർശനം |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - മേഖല : രക്ഷിതാക്കളും സമൂഹവും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രക്ഷകർത്താക്കളുമായും സമൂഹവുമായുമുള്ള ബന്ധം ദൃഢമാക്കുക | • പി ടി എ യോഗങ്ങൾ<br>• എസ് എംസി<br>• എസ് ആർ ജി<br>• ക്ലബ്ബുകളുടെ പ്രവർത്തനം<br>• ലൈബ്രറി<br>• ഉച്ചഭക്ഷണ പരിപാടിയിൽ പിടിഎയുടെ പങ്കാളിത്തം<br>• പൂർവ്വ വിദ്യാർത്ഥിസംഗമം | അക്കാദമിക വർഷം മുഴുവൻ | | |

**അക്കാദമിക് മാസ്റ്റർ പ്ലാൻ - മേഖല – ആരോഗ്യം, ശുചിത്വം**

| ലക്ഷ്യം | • പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യവും ശുചിത്വവും പഠനമികവിന് | • ഉച്ചഭക്ഷണപദ്ധതി മെച്ചപ്പെടുത്തുക<br>• പോഷകാഹാരം -മുട്ട , പാൽ<br>• എസ് എസ് എൽ സി കുട്ടികളുടെ അധികസമയ പഠനത്തിന് ലഘുഭക്ഷണം<br>• ശുദ്ധീകരിച്ച കുടിവെള്ളം<br>• മൂത്രപ്പുര,ശുചിമുറി എന്നിവയുടെ ശുചിത്വം ഉറപ്പാക്കൽ<br>• കൗൺസിലിംഗ് സൌകര്യം ഉറപ്പാക്കൽ<br>• ഹെൽത്ത്,മെഡിക്കൽ ക്യാമ്പുകൾ<br>• അയൺ, വിര ഗുളിക വിതരണം കാര്യക്ഷമമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ ചുമതല | പിടിഎ<br>ബി ആർ സി<br>പി എച്ച് സി | സർക്കാർ ധനം |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - മേഖല – ഐ.സി.ടി പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനപ്രവർത്തനങ്ങൾക്ക് ഐസി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ | • എല്ലാ ക്ലാസ് മുറികളിലും എൽ സി ഡി പ്രൊജക്ടർ<br>• ഓരോ ക്ലാസ്സിലും ഓരോ ലാപടോപ്<br>• എല്ലാ ക്ലാസ്സിലും വൈഫൈ കണക്ഷൻ<br>• ഉപകരണങ്ങളുടെ പരിരക്ഷ | ജൂൺ മുതൽ മാർച്ച് വരെ ചുമതല | പി.റ്റി.എ ലിറ്റിൽ കൈറ്റ്സ് | |

## മറ്റ് മികവുകൾ

പരിമിത സൗകര്യങ്ങളിൽ നിന്നുകൊണ്ട് വിദ്യാലയ അഭിവൃദ്ധിക്കായി പ്രവർത്തിക്കുന്ന ഒരു സംഘം അധ്യാപകരും മാനേജ്മെന്റും പി ടി എ യും വിദ്യാലയ വികസനപ്രതീക്ഷയ്ക്ക് ഉണർവ്വ് പകരുന്നു.

മേളകൾ, ശാസ്ത്രോത്സവം, ഗണിതോത്സവം, ക്വിസ് മത്സരങ്ങൾ, സ്കൂൾ കലോത്സവം, തുടങ്ങി ഉപജില്ലാ, ജില്ലാ മത്സരങ്ങളിൽ കുട്ടികളുടെ സാന്നിധ്യം ഉറപ്പാക്കാനും മികച്ച അനുഭവം നൽകാനും ഇക്കൂട്ടർ ശ്രമിക്കുന്നു.

മെച്ചപ്പെട്ട കായികപരിശീലനത്തിനായി കായിക ഉപകരണങ്ങൾ വാങ്ങണം

ഇംഗ്ലീഷ് ഭാഷ പരിജ്ഞാനത്തിനായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ- അനായാസം ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള പരിശീലനം നൽകി വരുന്നു

ശ്രദ്ധ, മലയാളത്തിളക്കം എന്നീ പാഠാനുബന്ധ പ്രവർത്തനങ്ങൾ വളരെ നന്നായിനടക്കുന്നു. പത്താം ക്ലാസിലെ കുട്ടികൾക്കായി വൈകുന്നേരം 5 മണിവരെ റെമഡിയൽ ക്ലാസ്സുകൾ സജീവമായി നടക്കുന്നുണ്ട്.

അച്ചടക്കം നടപ്പാക്കുന്നതിൽ ഈ സ്കൂളിലെ എസ് പി സി കുട്ടികൾ നിർണ്ണായകപങ്കു വഹിക്കുന്നു.

കുട്ടികൾക്ക് നവംബർ മാസം വിനോദ യാത്ര നടത്തുന്നു.

## സ്കൂൾ വികസനരേഖ 2025-26

**അവസ്ഥാ സൂചന**

കുട്ടികളുടെ സർവ്വതോന്മുഖമായ പാഠ്യ-പാഠ്യേതര വിഷയങ്ങളിലുള്ള കഴിവുകളും ശേഷികളും പരിപോഷിപ്പിക്കാനുതകുന്ന വിവിധ പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തിവരുന്നു.

**അവയിൽ പ്രധാനപ്പെട്ടവ**

സ്റ്റാൻഡേർഡ് 5 മുതൽ 10 വരെ ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം നേടാൻ സ്പോക്കൺ ഇംഗ്ലീഷ് പ്രോഗ്രാം
നിരവധി ക്ലബ്ബ് ആക്ടിവിറ്റീസ്

പഠനപിന്നോക്കാവസ്ഥ പരിഹരിക്കാൻ ശ്രദ്ധ, മലയാളത്തിളക്കം, എന്നിങ്ങനെയുള്ള സർക്കാർ പദ്ധതികൾ തുടർന്ന് വരുന്നു.

റിസൾട്ട് മെച്ചപ്പെടുത്താനായി എസ് എസ് എൽ സിക്ക് വൈകുന്നേരം 3.40 മുതൽ 5.00 വരെ സ്പെഷ്യൽ ക്ലാസ്സുകൾ എടുത്തു വരുന്നു. ജനുവരി മാസം മുതൽ 6.00 pm വരെ ക്ലാസ്

പൊതുമുതൽ നശീകരണത്തിനെതിരെ കുട്ടികൾക്ക് ബോധവത്കരണക്ലാസ്സുകൾ ,ഹെൽത്ത് ക്ലാസ്സുകൾ, ഊർജ്ജസംരക്ഷണക്ലാസ് എന്നിവ നടത്തിവരുന്നു.

ദിനാചരണങ്ങൾ, അതിന്റെ പ്രാധാന്യത്തോടെ വിവിധ പരിപാടികളോടെആചരിച്ചു വരുന്നു.

വിദ്യാഭ്യസ വകുപ്പ് , വനംവകുപ്പ്, എക്സൈസ് വകുപ്പ് തുടങ്ങിയ വിവിധ ഡിപ്പാർട്ട്മെന്റുകൾ നടത്തിവരുന്ന വിവിധതരം മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട്.

ഈ വർഷം ക്ലാസ്സ് പി ടി എ കളിൽ രക്ഷകർത്താക്കളുടെ സജീവസാന്നിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ, യൂണിഫോം , ടെക്സ്റ്റ് ബുക്ക്, നോട്ടുബുക്ക് എന്നിവ സൗജന്യമായി നൽകിവരുന്നു.

8 ലെ കുട്ടികൾക്ക് സൗജന്യഉച്ചഭക്ഷണം ഉണ്ട്. സ്കൂളിലെ അധ്യാപകരുടെയും അഭ്യുദയകാംക്ഷികളുടെയും സഹായം കൊണ്ട് പത്താം ക്ലാസ്സുവരെ ആവശ്യമുള്ള കുട്ടികൾക്കും സൗജന്യഉച്ചഭക്ഷണം നൽകുന്നു

സ്കൂൾയുവജനോത്സവം, സ്പോർട്സ്, ഫീൽഡ് ട്രിപ്പ്, സ്റ്റഡി ടൂർ, എക്സിബിഷൻ, എന്നിവയും ഭംഗിയായി നടത്തുന്നുണ്ട്.

കുട്ടികളുടെ സർഗ്ഗാത്മകത വർദ്ധിപ്പിക്കാൻ ക്ലാസ്സ് ലൈബ്രറി, കൈയെഴുത്തുമാസിക, പുസ്തക ശേഖരണം, ഐ സി ടി അധിഷ്ഠിത പഠനം, ഗ്രീൻ പ്രോട്ടോക്കാൾ, എന്നിവ നടപ്പിലാക്കി വരുന്നു.

സഹാനുഭൂതി, സഹകരണമനോഭാവം, കരുണ, ദയ, സ്നേഹം, തുടങ്ങിയ മാനുഷിക മൂല്യങ്ങൾ, വളർത്തിയെടുക്കാനുള്ള, ക്ലാസ്സുകളും നടത്തിവരുന്നു.

കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. അതിലേക്കായി സ്പെഷ്യലിസ്റ്റ് അധ്യാപകർ, കൌൺസിലർ, റിസോഴ്സ് ടീച്ചർ തുടങ്ങിയവരുടെ സേവനം ലഭ്യമാകണം. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം. കലോത്സവങ്ങളിലും ശാസ്ത്രമേളകളിലും മറ്റും വിദ്യാർത്ഥികൾക്കാവശ്യമായ പരിശീലനം നൽകി കുട്ടികളെ പങ്കെടുപ്പിച്ച് മറ്റു സ്കൂളുകളോടൊപ്പം നിലനിർത്തുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കേണ്ടതുണ്ട്. ബാഡ്മിന്റൺ കോർട്ട് ,

വോളിബോൾ കോർട്ട് തുടങ്ങി അധികം സ്ഥലം ആവശ്യമില്ലാത്ത കായികവിനോദങ്ങൾ പ്രോത്സാഹിപ്പിക്കണം., ജൈവവൈവിധ്യ പാർക്ക് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ഉണ്ടാക്കുന്നതിന് വിദഗ്ധരുടെ അഭിപ്രായത്തോടുകൂടി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കേണ്ടതായുണ്ട്.

## മികവിന്റെ കാഴ്ചപ്പാട്

- പാഠ്യ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം, ദീനാനുകമ്പ, തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
- പാർശ്വവത് കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ടോയെന്ന് ഉറപ്പാക്കൽ
- ഹൈടെക് സംവിധാനങ്ങൾ പരിമിതമാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ ഇവയെ മറികടക്കേണ്ടതുണ്ട്.

| മേഖല: ഹൈസ്കൂൾ -മലയാളം | അക്കാദമിക മാസ്റ്റർ പ്ലാൻ-സാൻതോം ഹൈസ്കൂൾ കണമല | | | [redacted] |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതികം** | **ചുമതല** |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് അക്ഷരം ഉറപ്പിക്കൽ,<br>അടയാളം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ ,<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമ്മിക്കുക,വാക്യങ്ങൾ നിർമ്മിക്കുക,<br>ചിത്രം- അടിക്കുറിപ്പ് ചിത്രം- കഥയെഴുതൽ<br>ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | രണ്ടുമാസം ആഗസ്റ്റ് സെപ്റ്റംബർ | പുസ്തകങ്ങൾ ചിത്രങ്ങൾ | പി ടി എ അധ്യാപകർ |
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ ,<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ,<br>സമീപ ഗ്രന്ഥശാലയിൽ അംഗത്വം,വായനവാരാചരണം<br>വായനോത്സവം സംഘടിപ്പിക്കൽ പത്രവായന, പുസ്തക ചർച്ച,<br>വായനക്കുറിപ്പ് പതിപ്പ്<br>വിദ്യാരംഗം സാഹിത്യവേദി പ്രവർത്തനം ,ദിനാചരണം<br>ആനുകാലികപ്രസിദ്ധീകരണങ്ങളും വായനയും<br>ആസ്വാദ്യമായ വായന, ഇ-വായന | ആറുമാസം | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ അനികാര്യ പ്രസിദ്ധീകരണങ്ങൾ ഇൻറർനെറ്റ് കമ്പ്യൂട്ടർ | പി ടി എ അധ്യാപകർ |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ടം രൂപീകരണം, പുസ്തകചർച്ച, വായനക്കുറിപ്പ് പതിപ്പ് ,സാഹിത്യ ശാഖകൾ പരിചയപ്പെടൽ, ചുമർ പത്രിക പതിപ്പ് തയ്യാറാക്കൽ, സർഗ്ഗസൃഷ്ടികളുടെ പുസ്തകംതയ്യാറാക്കൽ, വ്യക്തിഗത രചന,സംഘരചന, ഭാഷാ പ്രോജക്ട് ,സാഹിത്യകാരന്മാരുമായുള്ള അഭിമുഖം സംവാദം സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | ആറുമാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ പുസ്തകങ്ങൾ | പി ടി എ അധ്യാപകർ |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | പ്രസംഗ പരിശീലന കളരി വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ പ്രദർശനം സംഘടിപ്പിക്കുന്നു. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | ആറുമാസം ജൂലൈ-ഡിസംബർ | ഓഡിയോ വീഡിയോ | ട്രെയിനർ അദ്ധ്യാപകർ |

# Academic Master Plan English

| Objective | Activities | Time | In Charge |
|---|---|---|---|
| Improve communication skill | Spoken English class<br>Preparing English Cartoon<br>English assembly<br>1 minute speech reading | English period | English teachers |
| Create interest in reading English book | English library<br>English news | Interval time<br>leisure time | Teacher in charge of library |
| To enrich vocabulary | My English diary fill the diary with new vocabularies | English period | |
| Provide an opportunity for recitation | Conduct competitions for presentation and poetry writing | | Language teachers |
| Dramatization | Prepare role play, skit etc from textbook | English Period, leisure time | |

# Academic Master Plan- Hindi

## മേഖല:അക്കാദമികം- ഹിന്ദി

**പൊതുവായ ലക്ഷ്യങ്ങൾ**

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തുക
- ഭിന്നശേഷിക്കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക

| സ്റ്റാൻഡാർഡ് -VIII | | |
|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** |
| അക്ഷരം ചിഹ്നം തുടങ്ങിയ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു | അക്ഷരം എഴുതിപ്പിക്കുന്നു ഉറക്കെ വായിപ്പിക്കുന്നു പ്രശ്നോത്തരി എന്നിവ നൽകുന്നു | ജൂൺ, ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ഓരോ കുട്ടിയുടെയും പേരുകളും ജനനത്തീയതിയും ഹിന്ദിയിൽ എഴുതാൻ പറയുന്നു | ഓഗസ്റ്റ് സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു | | ഡിസംബർ ജനുവരി |

| Academic Master Plan- Hindi സ്റ്റാൻഡേർഡ് IX | | |
|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനം** | **കാലം** |
| ഹിന്ദി എഴുതാനും വായിക്കാനും അറിയാത്ത കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ , ചിത്ര കഥാപുസ്തകങ്ങൾ വായന | ജൂൺ, ജൂലൈ |
| നാമം സർവ്വനാമം വിശേഷണം എന്ന് മനസ്സിലാക്കുന്ന ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുന്നു | ചാർട്ടുകൾ പ്രദർശിപ്പിക്കുന്നു അതിൽ നിന്ന് നാമം സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുന്നു | ഓഗസ്റ്റ് -സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കൽ കവിത വായിച്ച് ആശയം എഴുതൽ | പോസ്റ്ററിന്റെ മോഡൽ നൽകുന്നു വിവിധ വിഷയങ്ങൾ നൽകുന്നു | ഡിസംബർ -ജനുവരി |

| സ്റ്റാൻഡേർഡ് X | | |
|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനം** | **കാലം** |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്താൻ വേണ്ടി ഭാഷാ വസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു | നാടകം വേദിയിൽ അവതരിപ്പിക്കുന്നു സന്ദർഭോചിതമായ സംഭാഷണം തയ്യാറാക്കാൻ ആവശ്യപ്പെടുന്നു | ജൂൺ, ജൂലൈ |
| സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു | പദ്യം ചൊല്ലൽ, കഥ രചന, കവിത രചന, പോസ്റ്റർ | ഓഗസ്റ്റ് -സെപ്റ്റംബർ -ഒക്ടോബർ |
| വിവിധതരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയാകുന്ന കുറിപ്പ് തയ്യാറാക്കുന്ന ഡയറി എഴുതാൻ അറിയുന്നു | കഥാപാത്രങ്ങൾ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുന്നു എല്ലാദിവസവും ഡയറി എഴുതേണ്ട നിർദ്ദേശം നൽകുന്നു | നവംബർ -ജനുവരി |

# Academic Master Plan- Social Science

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മതേതരത്വം സഹിഷ്ണത, ദേശഭക്തി എന്നിവ ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളർത്തുക | ചർച്ചകൾ സംവാദം ക്ലാസ്സുകൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ഭൂപട വായന പരിശീലിപ്പിക്കുക സ്ഥലനിർണയം നടത്താൻ പരിശീലിപ്പിക്കുക | അറ്റ്ലസ്, മാപ്പുകൾ ഗ്ലോബ് എന്നിവയിലൂടെ ഭൂപട വായന പ്രോത്സാഹിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ പൊതുവിജ്ഞാനം ആർജിക്കുന്നതിൽ പ്രോത്സാഹിപ്പിക്കുക | ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം ന്യൂസ് എന്നിവയിലൂടെ കുട്ടികൾ അറിവുകൾ വർധിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| വ്യത്യസ്തയിനം മണ്ണ്, കാറ്റ്,പർവതങ്ങൾ ജലാശയങ്ങൾ എന്നിവ പരിചയപ്പെടുന്നു | വിവിധ മേഖലകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്ന തരത്തിൽ കണ്ടും കേട്ടും തൊട്ടറിഞ്ഞു പഠനം ഹരമാക്കി മാറ്റുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| മേളകളിൽ പങ്കെടുക്കൽ | ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ മത്സരങ്ങൾക്ക് പ്രാപ്തരാക്കാൻ | ആഗസ്റ്റ്,സെപ്റ്റംബർ -ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ ക്ലബ്ബ് ഭാരവാഹികൾ പി ടി എ | പി.റ്റി.എ |

# Academic Master Plan- Biology

**മേഖല:അക്കാദമികം**

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സീഡ് ബോൾ നിർമ്മാണം പരിസ്ഥിതി സംരക്ഷണം | സസ്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി പരിസ്ഥിതി സംരക്ഷണം --വിത്തുപരിപാലന പ്രാധാന്യം മനസ്സിലാക്കാൻ സീഡ് ബോൾ നിർമ്മാണം | മൂന്നുമാസം | ഇക്കോ ക്ലബ്ബ് സയൻസ് ക്ലബ്ബ് | പി.റ്റി.എ |
| സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ | ഔഷധസസ്യങ്ങൾ ഏതെല്ലാമാണെന്നും അവയുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും സസ്യങ്ങൾക്ക് നാമകരണം ചെയ്യുന്നതിനും | മൂന്നുമാസം | ഇക്കോ ക്ലബ്ബ് സയൻസ് ക്ലബ്ബ് | പി.റ്റി.എ |
| ജൈവവൈവിധ്യ പന്തൽ ഒരുക്കൽ | സ്കൂൾ തന്നെ പാഠപുസ്തകം ആശയം നടത്തിയുള്ള ജൈവവൈവിധ്യ പന്തലൊരുക്കൽ | ആറുമാസം | ഇക്കോ ക്ലബ്ബ് സയൻസ് ക്ലബ്ബ് | പി.റ്റി.എ |
| പച്ചക്കറിത്തോട്ട നിർമ്മാണം | കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കൽ, ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തൽ | 1 വർഷം | ഇക്കോ ക്ലബ്ബ് സയൻസ് ക്ലബ്ബ് | പി.റ്റി.എ |
| രക്ത ഗ്രൂപ്പ് നിർണയം | കുട്ടികളുടെ രക്തഗ്രൂപ്പ് മനസ്സിലാക്കാൻ, രക്തദാനത്തിന് പ്രാധാന്യം മനസ്സിലാക്കാൻ | മൂന്നുമാസം | ഇക്കോ ക്ലബ്ബ് സയൻസ് ക്ലബ്ബ് | പി.റ്റി.എ |
| പ്രഭാതഭക്ഷണ സർവ്വേ | ബ്രെയിൻ എനർജി ഫുഡ് ആയ പ്രഭാതഭക്ഷണ ത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ | 1 വർഷം | ക്ലാസ് ടീച്ചർ | പി.റ്റി.എ |

# Academic Master Plan- Science

**മേഖല: അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | 1.ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ അവതരണം പരീക്ഷണക്കളരി<br>2.സ്കൂൾതല സയൻസ് എക്സിബിഷൻ<br>3.ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം സർവ്വേ അഭിമുഖം നിരീക്ഷണം | വർഷത്തിൽ ഒരു തവണ<br><br>വർഷത്തിൽ ഒരു തവണ | ശാസ്ത്ര അധ്യാപകർ | പി.റ്റി.എ |
| ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തുക | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകാൻ | 3 മാസം | ശാസ്ത്ര അധ്യാപകർ ക്ലബ്ബ് ഭാരവാഹികൾ | പി.റ്റി.എ |
| ശാസ്ത്ര ലാബ് നവീകരണം | ഫിസിക്സ് കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റു സാമഗ്രികളും പ്രത്യേകം പ്രത്യേകം നവീകരിക്കൽ | ജൂൺ | ശാസ്ത്ര അധ്യാപകർ ക്ലബ്ബ് ഭാരവാഹികൾ | |
| പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ - കുട്ടി , പിയർ ഗ്രൂപ്പ് എന്നിങ്ങനെ രണ്ട് തരത്തിലുള്ള പരിശീലനം | ആഴ്ചയിൽ 2 ദിവസം | ശാസ്ത്ര അധ്യാപകർ ക്ലബ്ബ് ഭാരവാഹികൾ പി ടി എ | പി.റ്റി.എ |
| ശാസ്ത്ര കയ്യെഴുത്ത് മാസിക തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കൽ | വർഷത്തിൽ ഒരു തവണ | ശാസ്ത്ര അധ്യാപകർ ക്ലബ്ബ് ഭാരവാഹികൾ | പി.റ്റി.എ |

# Academic Master Plan- Mathematics

**മേഖല: അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാനശേഷി കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം പരിശോധിക്കുന്നു. ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക്ക് മാത്സ് ക്ലബ്ബ് രൂപീകരണം | ജൂൺ, ജൂലൈ | ഗണിത അധ്യാപകർ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സ് ഉപയോഗിച്ച് ചിത്രങ്ങൾ നിർമ്മിക്കുക | ജൂലൈ-ഓഗസ്റ്റ് - | ഗണിത അധ്യാപകർ ക്ലബ്ബ് ഭാരവാഹികൾ | പി.റ്റി.എ |
| ഗണിതരൂപങ്ങൾ നിർമ്മിതി ഗണിതമാഗസിൻ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു .എക്സിബിഷൻ നടത്തി മുന്നൊരുക്കം നടത്തുന്നു. മാഗസിനു വേണ്ട സൃഷ്ടികൾ ശേഖരിക്കുന്നു | ഓഗസ്റ്റ് - സെപ്റ്റംബർ - | ഗണിത അധ്യാപകർ ക്ലബ്ബ് ഭാരവാഹികൾ | |
| മേളകളിൽ പങ്കെടുക്കൽ | ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ മത്സരങ്ങൾക്ക് പ്രാപ്തരാക്കാൻ | സെപ്റ്റംബർ - ഒക്ടോബർ | ഗണിത അധ്യാപകർ ക്ലബ്ബ് ഭാരവാഹികൾ പി ടി എ | പി.റ്റി.എ |
| ഗണിത ലാബ് | ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | തുടർപ്രവർത്തനം | | |
| രക്ഷിതാക്കൾക്ക് ബോധവൽക്കരണം | | ടേമിൽ ഒരു പി.റ്റി. എ | ഹെഡ്മാസ്റ്റർ അധ്യാപകർ പി.റ്റി.എ | |

# Academic Master Plan- ICT

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) വിവിധവിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ചാരീതി യിൽ ICT സഹായ ത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾഅധ്യാപകപരിശീലനങ്ങൾ സംഘടിപ്പിക്കുക:ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ \| ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമി കവർഷം | പരിശീലനം നേടിയ അധ്യാപകർ | |
| 2) വിവിധ വിഷയങ്ങളുമായിബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾകൂടുതൽ മെച്ചപ്പെടുത്തുക. | പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമി കവർഷം | പരിശീലനം നേടിയ അധ്യാപകർ | പി.റ്റി.എ |
| 3) പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമാണങ്ങൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ചസാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമി കവർഷം | പരിശീലനം നേടിയ അധ്യാപകർ | |
| 4) ഓരോ കാലഘട്ടത്തിലുംസാങ്കേതിക വിദ്യകൾനൂതനമാക്കുന്നതോടൊഷം ദുരുപയോഗം നടക്കുന്നു. ഇത്തരംസൈബർ ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയുംരക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെ കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനനിവാര്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമി കവർഷം | പരിശീലനം നേടിയ അധ്യാപകർ സൈബർ സെൽ, ചൈൽഡ് ലൈൻ | പി.റ്റി.എ |

| | | | | |
|---|---|---|---|---|
| 5.നിത്യജീവിതത്തിൽസ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തിഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | | | | |
| 6)ഹൈടെക് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | | | | |

## മേഖല - ഹൈസ്കൂൾ - തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സ്വയം തൊഴിൽ കണ്ടെത്താനായി കുട്ടികളെ പരിപോഷിപ്പിക്കുന്നു | Food Industry, Clothing, Printing തുടങ്ങിയ മേഖലകൾ പരിചയപ്പെടുത്തി ലഘു പരീക്ഷണങ്ങൾ കുട്ടികളെ കൊണ്ട് ചെയ്യിപ്പിക്കുന്നു. മോഡലുകൾ ആവശ്യമെങ്കിൽ പറഞ്ഞു കൊടുത്ത് കുട്ടികളെ കൊണ്ട് നിർമ്മിക്കുന്നു. അവ പ്രദർശനത്തിനു വയ്ക്കുന്നു. | അക്കാദമികവർഷം | റിസോഴ്സ് അധ്യാപകൻ |
| സ്വയം തിരിച്ചറിയലിലൂടെ വ്യക്തിത്വരൂപീകരണം. | സ്വയം കഴിവുകൾ മനസിലാക്കി ക്ലാസ്റൂമിൽ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു.ഓരോ കുട്ടികൾക്കും സ്വയം അവബോധം ഉണ്ടാക്കാനും, പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കഴിവ് പ്രാപ്തമാക്കുന്ന വിധമുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. സ്വയം കഴിവുകൾ മനസിലാക്കി ക്ലാസ്റൂമിൽ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഓരോ കുട്ടികൾക്കും സ്വയം അവബോധം ഉണ്ടാക്കാനും, പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കഴിവ് പ്രാപ്തമാക്കുന്ന വിധമുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. | അക്കാദമികവർഷം | റിസോഴ്സ് അധ്യാപകൻ |
| കുട്ടികളുടെ ചിന്താപ്രക്രിയയെ ഉണർത്താനും പുതിയ ആശയങ്ങൾ നിർമ്മിച്ചെടുക്കാനും അറിവു നിർമമാണത്തിന്റെ രീതിശാസ്ത്രം പിന്തുടരാനും കുട്ടികൾക്ക് സാധിക്കുന്നു. | | അക്കാദമികവർഷം | റിസോഴ്സ് അധ്യാപകൻ |

# മേഖല - ഹൈസ്കൂൾ - കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇന്ത്യയിൽ നിലനിൽക്കുന്ന തനത് ചിത്രരചനാശൈലികളെ പരിചയപ്പെടൽ<br><br>വിവിധനിറങ്ങളുംഅവയുടെ മിശ്രണവുംമനസിലാക്കൽ<br><br>പ്രകൃതിയുടെ സസൂക്ഷ്മ നിരീക്ഷണം | വാർലിചിത്രപ്രദർശനം<br>കുട്ടികൾ അവരവർക്ക് ഇഷ്ടമുള്ള ചിത്രങ്ങൾ വരച്ച് നിറങ്ങൾ നൽകി ക്ലാസ്സുകളിൽ പ്രദർശിപ്പിക്കുന്നു.<br>-ജൂൺ 05 പരിസ്ഥിതിദിനത്തോടനുബന്ധിച്ച് കുട്ടികൾ ഒരുമിച്ച്ക്യാൻവാസിൽ പ്രകൃതിചിത്രങ്ങൾ വരയ്ക്കുന്നു. | ജൂൺ | |
| പ്രശസ്തചിത്രകലാ പ്രതിഭകളെ പരിചയപ്പെടുന്നു | ജൂലൈ :29 വാൻഗോഗ് ഓർമ്മദിനം,കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ്മദിനം ഈ ദിനങ്ങളിൽ ഈ ചിത്രകലാകാരന്മാരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള പ്രസന്റേഷൻ അവതരണം | ജൂലൈ | |
| വിവിധ സംസ്ഥാനങ്ങളിലെ വേഷം,സംസ്കാരം,പ്രധാനചരിത്രസംഭവങ്ങൾ എന്നിവ മനസ്സിലാക്കൽ, അവതരണത്തിലൂടെ ' ഒരുമയോടെ എങ്ങനെ പ്രവർത്തിക്കാം”എന്ന ആശയം മനസിലാക്കുന്നു | സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കുട്ടികൾ നിശ്ചലദൃശ്യങ്ങൾ ഗ്രൂപ്പായി അവതരിപ്പിക്കുന്നു. | ആഗസ്റ്റ് | |
| അധ്യാപകർ കുട്ടികളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയൽ പ്രശസ്ത ഇന്ത്യൻ വ്യക്തിത്വങ്ങളെ പരിചയപ്പെടൽ | ദേശീയ അധ്യാപകദിനത്തോടനുബന്ധിച്ച് കുട്ടികൾ അധ്യാപകരോടൊത്തുള്ളക്ലാസ് റൂം രംഗങ്ങൾ പെൻസിൽ ഡ്രോയിങ്ചെയ്ത് പ്രദർശിപ്പിക്കുന്നു. | സെപ്റ്റംബർ | |
| തനത് പ്രദേശത്ത് നിലനിൽക്കുന്ന കേരളീയ സാംസ്കാരികതയെ തിരിച്ചറിയൽ | ഒക്ടോബർ 02 : ഗാന്ധിജയന്തി, രാജാ രവിവർമ്മസ്മൃതി ദിനം<br>-ഗാന്ധിജിയുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളുടെ ചിത്രീകരണം കുട്ടികൾ പ്രദർശിപ്പിക്കുന്നു | ഒക്ടോബർ | |
| തനത് പ്രദേശത്ത് നിലനിൽക്കുന്ന കേരളീയസാംസ്കാരികതയെ തിരിച്ചറിയൽ | കേരളപ്പിറവിയോട് അനുബന്ധിച്ച് നമ്മുടെ നാടിലെ വിവിധ പ്രദേശങ്ങളിൽ നാടൻപാട്ടുകളുടെ അവതരണം | നവംബർ | |
| ഊർജസംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കൽ | ദിനത്തോടനുബന്ധിച്ച് പോസ്റ്റർ | ഡിസംബർ | |

| | | | |
|---|---|---|---|
| സൗന്ദര്യാത്മകമായും താളാത്മകമായും വിവിധരീതിയിലുള്ള എഴുത്തുകൾ പരിശീലിക്കൽ | ജനുവരി 23: ദേശീയ കൈയക്ഷരദിനത്തോടനുബന്ധിച്ച്<br>' കാലിഗ്രഫി" വർക്ക്ഷോപ്പ് | ജനുവരി | |
| കൂട്ടായി പ്രവർത്തിക്കുന്നതിന്റെയും ദൃശ്യമാധ്യമസാങ്കേതികവിദ്യകൾ എങ്ങനെ കൈകാര്യംചെയ്യാം എന്നുമുള്ള മനസ്സിലാക്കൽ<br><br>കവിത ആസ്വാദനശേഷി വർദ്ധിപ്പിക്കൽ | ഫെബ്രുവരി 11<br>' സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാ ദിനത്തോട് അനുബന്ധിച്ച് കുട്ടികൾ ഗ്രൂപ്പായി ഷോർട്ട്ഫിലിം നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു.<br><br>-ഫെബ്രുവരി 13 ഒഎൻവി കുറുപ്പ് ഓർമ്മ ദിനത്തോടനുബന്ധിച്ച് ഒഎൻവി കവിതകളുടെ ആലാപനവും നൃത്താവിഷ്കാരവും | ഫെബ്രുവരി | |